Page 1 of 2

തിരിച്ചടവിനുമായി ഇതിനുപുറമേ തുക ആവശ്യമായി വരുന്ന പക്ഷം '5475-00-115-96 ശീർഷകത്തിൽ തുക വകയിരുത്തിനൽകുന്നതാണ്. സാമ്പത്തിക വർഷത്തിന്റെ തുടക്കം മുതൽ തന്നെ പ്രസ്തുത തുക ധനവകുപ്പ് ദിവസേന കിഫ്ബിയുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നൽകിവരുന്നു. ആകട്ട് നിഷ്കർഷിക്കുന്ന പ്രകാരം ഡിസംബർ 31-നുമുമ്പായി ഈ തുക മുഴുവനും കിഫ്ബിക്ക് നൽകുന്നുണ്ട്.

കിഫ്ബി പദ്ധതികളുടെ നടത്തിപ്പ്

98 (1827) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിനെ ഒഴിവാക്കി കിഫ്ബി പദ്ധതികളുടെ നടത്തിപ്പ് ഏറ്റെടുക്കാൻ കിഫ്ബി തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണമെന്തെന്ന് വ്യക്തമാക്കുമോ;

(ബി) ഇത്തരത്തിൽ ഏറ്റെടുക്കാൻ തീരുമാനിച്ചിട്ടുള്ള പ്രവൃത്തികൾ എപ്രകാരം നടപ്പിലാക്കാനാണ് കിഫ്ബി ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

&

(സി) ഇതുമായി ബന്ധപ്പെട്ട് ഇതിനകം എത്ര പ്രവൃത്തികളുടെ ഫയലുകൾ പൊതുമരാമത്ത് വകുപ്പ് കിഫ്ബിക്ക് കൈമാറിയിട്ടുണ്ട്; പാലങ്ങൾ, റോഡുകൾ എന്നിങ്ങനെ തരംതിരിച്ച് വ്യക്തമാക്കുമോ?

വിവിധ പദ്ധതികൾക്കുള്ള ധനസഹായം കിഫ്ബി നൽകിവരുന്നു. പദ്ധതികളുടെ മേൽനോട്ടവും നടത്തിപ്പും ബന്ധപ്പെട്ട ഭരണ വകുപ്പ് ചുമതലപ്പെടുത്തിയ എസ്.പി.വി.കൾക്കാണ്. പദ്ധതി നടത്തിപ്പിന് ഈ എസ്.പി.വി.കൾക്കാവശ്യമായ വിവിധ സഹായങ്ങൾ കിഫ്ബി നൽകിവരുന്നതൊഴിച്ചാൽ പദ്ധതികൾ ഏറ്റെടുക്കുന്ന കാര്യം കിഫ്ബിയുടെ പരിഗണനയിലില്ല.

ബാലുശ്ശേരി മണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ

99 (1828) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി മണ്ഡലത്തിൽ നിലവിൽ സാമ്പത്തിക അനുമതി നൽകിയിട്ടുള്ള കിഫ്ബി പദ്ധതികളുടെ ലിസ്റ്റ് ലഭ്യമാക്കാമോ?

കിഫ്ബി നാളിതുവരെ ധനാനുമതി നൽകിയ ബാലുശ്ശേരി മണ്ഡലത്തിലെ പദ്ധതികളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത മണ്ഡലത്തിൽ നിന്നും ഇപ്പോൾ സാമ്പത്തിക അനുമതിക്കായി കിഫ്ബിയുടെ പരിഗണനയിലുള്ള പദ്ധതികൾ ഏതൊക്കെയാണെന്നറിയിക്കാമോ?

പ്രസ്തുത മണ്ഡലത്തിൽനിന്നും ഇപ്പോൾ സാമ്പത്തികാനുമതിക്കായി പരിഗണയിലുള്ള പദ്ധതികളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

വെള്ളൂർ-പാടിയോട്ട്ചാൽ റോഡ്

100 (1829) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പയ്യന്നൂർ മണ്ഡലത്തിലെ വെള്ളൂർ-പാടിയോട്ട്ചാൽ റോഡ് എന്ന പ്രവൃത്തി കിഫ്ബി അംഗീകരിച്ച പദ്ധതികളുടെ ലിസ്റ്റിലുൾപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

പയ്യന്നൂർ മണ്ഡലത്തിൽ കിഫ്ബി ധനാനുമതി നൽകിയിട്ടുള്ള പദ്ധതികളിൽ വെള്ളൂർ - പാടിയോട്ട് ചാൽ റോഡ് പദ്ധതി ഉൾപ്പെട്ടിട്ടില്ല.

കായംകുളം ബോയ്സ് ഹയർ സെക്കണ്ടറി സ്കൂൾ

101 (1830) ശ്രീമതി യു. പ്രതിഭ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം മണ്ഡലത്തിൽ കായംകുളം ബോയ്സ് ഹയർ സെക്കണ്ടറി സ്കൂളിന്റെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി കിഫ്ബി വഴി നടപ്പാക്കുന്ന പദ്ധതികൾ മന്ദഗതിയിലാണ് നടക്കുന്നതെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

കായംകുളം മണ്ഡലത്തിൽ കിഫ്ബി ധനാനുമതി നൽകിയിട്ടുള്ള കായംകുളം ബോയ്സ് ഹയർ സെക്കണ്ടറി സ്കൂളിന്റെ പ്രവൃത്തി പുരോഗമിച്ചു കൊണ്ടിരിക്കുകയാണ്. 79 ശതമാനം പ്രവൃത്തി പൂർത്തിയായതായും, കോവിഡ് -19 പകർച്ചവ്യാധിമൂലമുള്ള പൊതുകാലതാമസം പദ്ധതിയുടെ നടത്തിപ്പിനെ ബാധിച്ചിട്ടുണ്ടെന്നും പദ്ധതി നിർവ്വഹണ ഏജൻസിയായ കൈറ്റ് അറിയിച്ചിട്ടുണ്ട്.

(ബി) എങ്കിൽ ഇതിന്റെ കാരണം എന്തെന്നും പ്രസ്തുത പദ്ധതികൾ എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ കഴിയുമെന്നും വിശദമാക്കാമോ?

30-9-2021-ൽ പദ്ധതി പൂർത്തീകരിക്കുമെന്ന വിവരം പദ്ധതി നിർവ്വഹണ ഏജൻസിയായ കൈറ്റ് അറിയിച്ചിട്ടുണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly